**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3956** **15-07-2022 - ൽ മറുപടിയ്ക്ക്**

**അങ്കണവാടികളിലേക്കുള്ള ഭക്ഷ്യധാന്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | അങ്കണവാടികളിലേക്കുള്ള ഭക്ഷ്യധാന്യങ്ങൾ ഇപ്പോൾ ഏത് ഏജൻസി വഴിയാണ് വിതരണം നടത്തി വരുന്നത്; | (എ) | (എ) അങ്കണവാടികളിലേക്കുള്ള ഭക്ഷ്യധാന്യങ്ങൾ വാങ്ങുന്നതിന് ഒരു പ്രത്യേകം ഏജൻസിയെ നിശ്ചയിച്ചിട്ടില്ല. സംസ്ഥാന സർക്കാരിന്റെ 06.08.2019ലെ സാനീവ-ബി1/493/2019/സാനീവ നമ്പർ സർക്കുലർ പ്രകാരം മാവേലി, സപ്ലൈക്കോ സ്റ്റോറുകൾക്ക് പുറമേ പൊതുജനങ്ങൾ നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നതും ഒരുവർഷമായി പ്രവർത്തിച്ചുവരുന്നതുമായ പ്രൊവിഷൻ സ്റ്റോർ സ്വന്തമായുള്ളതുമായ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ/ ഫിഷറീസ് വകുപ്പിന്റെ തീരമൈത്രി സ്റ്റോറുകൾ എന്നിവിടങ്ങളിൽ നിന്നും മാവേലി, സപ്ലൈക്കോ സ്റ്റോറുകളിലെ വിലയിൽ അധികരിക്കാതെ അങ്കണവാടികളിലേക്കുള്ള ഭക്ഷ്യവസ്തുക്കൾ വാങ്ങാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിൻ പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും അങ്കണവാടികളിലേക്കുള്ള ഭക്ഷ്യധാന്യങ്ങൾ വാങ്ങി വരുന്നു. |
| (ബി) | കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റികൾ വഴി വിതരണം ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ബി) | (ബി) കോ-ഓപ്പറേറ്റിവ് മാർക്കറ്റിംഗ് സൊസൈറ്റികൾ വഴി അങ്കണവാടികൾക്കുള്ള ഭക്ഷ്യവസ്തുക്കൾ വാങ്ങണമെന്ന് ആവശ്യപ്പെട്ട് വിവിധ സഹകരണ സംഘങ്ങൾ സമർപ്പിക്കുന്ന അപേക്ഷകൾക്ക് സർക്കാരിന്റെ 06.08.2019ലെ സാനീവ-ബി1/493/2019/സാനീവ നമ്പർ സർക്കുലർ പ്രകാരം മാനദണ്ഡങ്ങൾ ചൂണ്ടികാട്ടി മറുപടി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ